**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3157

07.02.2018- ൽ
മറുപടിയ്ക്ക്

**മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണം**

| ചോദ്യം<br>**ശ്രീ.പി.ഉബൈദുള്ള** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം കുടുംബ കോടതി കെട്ടിട നിർമ്മാണത്തിന് മലപ്പുറം വില്ലേജ് സിവിൽ സ്റ്റേഷൻ കോമ്പൌണ്ടിൽ സർവ്വെ 430/1 എ 3 എ 1-ൽപ്പെട്ട 32 സെന്റ് ഭൂമി കൈമാറി നൽകുന്നതിനുള്ള വിശദമായ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണറുടെ 22/01/2018-ലെ എൽ.ആർ.കെ2/ 62348/17-ാം നമ്പർ കത്തു പ്രകാരം 31.01.2018 ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| ബി) കെട്ടിട നിർമ്മാണത്തിനായി സിവിൽ സ്റ്റേഷൻ വളപ്പിൽ ഏറ്റെടുക്കുന്ന സ്ഥല വിസ്തൃതി എത്രയാണ്; നേരത്തെ നിശ്ചയിച്ചതിൽ നിന്നും വ്യത്യാസപ്പെടുത്തി സ്ഥലവിസ്തൃതി പുനർനിർണ്ണയിച്ചിട്ടുണ്ടോ;<br>സി) ഇക്കാര്യത്തിൽ റവന്യൂ-സർവ്വേ വകുപ്പുകൾ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) & (സി) | മലപ്പുറം കുടുംബ കോടതി കെട്ടിട നിർമ്മാണത്തിന് 03.09.2016-ലെ സ.ഉ (എം.എസ്) നം.495/16/റവ ഉത്തരവ് പ്രകാരം 25.11 സെന്റ് ഭൂമിയാണ് കൈമാറി നൽകിയിരുന്നത്. എന്നാൽ ടി ഭൂമി കുടുംബ കോടതി നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ ജില്ലാ ജഡ്ജിയുടെ റിക്വിസിഷൻ പ്രകാരം 32 സെന്റ് ആയി പുനർ നിർണ്ണയിച്ച് താലൂക്ക് സർവ്വെയർ അളന്ന് തിട്ടപ്പെടുത്തിയ സ്കെച്ച് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള ഭൂമി കൈമാറ്റ പ്രൊപ്പോസൽ സർക്കാരിൽ 31.01.2018-ൽ ലഭിച്ചിട്ടുണ്ട്. ടി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**